# ആമുഖം

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ രണ്ടത്താണി പ്രദേശത്തെ സർക്കാർ വിദ്യാലയമാണ് ഗവൺമെൻറ് യു.പി സ്കൂൾ . രണ്ടത്താണിയിലെയുംസമീപപ്രദേശങ്ങളിലെയും ജനങ്ങൾക്ക് അക്ഷര വെളിച്ചം നൽകിക്കൊണ്ടിരിക്കുന്ന മഹത് സ്ഥാപനമാണ് രണ്ടത്താണി ഗവൺമെൻറ് യു.പി സ്കൂൾ. സാമൂഹികവും സംസ്കാരികവും രാഷ്ട്രീയപരവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ നേരത്തെ വഹിക്കുന്ന നിരവധിവ്യക്തിത്വങ്ങളെവാർത്തെടുത്തിട്ടുണ്ട് എന്നഭിമാനിക്കുന്ന ഈ സ്ഥാപനത്തിൻറെ പൂർവ്വകാല സ്മരണകൾ വളരെ ആവേശകരമാണ് വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ വളരെയധികം പിന്നോക്കം നിന്നിരുന്ന പ്രദേശമായിരുന്നു ഇവിടം. വിദ്യാഭ്യാസം

നേടാൻ പോലും അവസരം ഇല്ലാതിരുന്നകാലത്ത്ദീർഘവീക്ഷണ ത്തിനു ഉടമകളായ ചില മഹത് വ്യക്തികളുടെ ശ്രമഫലമായാണ് ഈ വിദ്യാലയം സ്ഥാപിതമായത്.

## നിലവിലെ അവസ്ഥ

ഇന്നും വാടകകെട്ടിടത്തിൽപ്രവർത്തിക്കുന്ന ഒരു സർക്കാർ വിദ്യാലയമാണ് രണ്ടത്താണി ഗവൺമെൻറ് യുപി സ്കൂൾ. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് വെവ്വേറെ ക്ലാസ് മുറികൾ ഇല്ല. ശാസ്ത്ര ഗണിത ഭാഷാലാബുകൾ, വിപുലീകരിച്ച ലൈബ്രറി കളിസ്ഥലം ശൗചാലയം ജൈവവൈവിധ്യ ഉദ്യാനം എന്നിവയ്ക്കുന്നു തന്നെ വേണ്ടത്ര സൗകര്യമില്ല എന്നത് എടുത്തു പറയേണ്ടത് തന്നെയാണ് എങ്കിലും മികച്ച പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ കുട്ടികളെ ഈ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നു.ഈ വിദ്യാലയത്തിൽ 420 കുട്ടികൾ പഠിക്കുന്നു.

## OUR STAFF

| | | | | |
|---|---|---|---|---|
| 1 | Headmistress | | Bindu | K |
| 2 | 1 | A | Mary Juliat | C J |
| 3 | 1 | B | Fathima Hasna | C |
| 4 | 2 | A | Rasheeda | T P |
| 5 | 2 | B | Rashida | M |
| 6 | 3 | A | Sruthi | T V |
| 7 | 3 | B | Safiya | A K |
| 8 | 4 | A | Haseena | K |
| 9 | 4 | B | Suneera | T P |
| 10 | 5 | A | Revathi | P M |
| 11 | 5 | B | Priyanka | P G |
| 12 | 5 | C | Vidya | P |
| 13 | 6 | A | Anil Kumar | M |
| 14 | 6 | B | Saraswathy | P S |
| 15 | 6 | C | Rose Mary George | |
| 16 | 7 | A | Laila | T P |
| 17 | 7 | B | Sajeena | K |
| **Language Teachers** | | | | |
| 18 | Arabic | | Saleena Moorkath | |
| 19 | | | Sofiya | L |
| 20 | | | Mohamed Koya Thangal | V T |
| 21 | Hindi | | Kalesh | S |
| 22 | LKG | | Shijitha | K |
| 23 | UKG | | Naseera | M |
| 24 | OA | | Rajalakshmi | K |
| 25 | PTCM | | Jaya Sreekumaran | |
| **Special Teachers from BRC** | | | | |
| 26 | HPE | | Jayarajan | M |
| 27 | WE | | Deepa | K V |
| | | | Cook | |
| 28 | | | Sasiprabha | E |
| 29 | | | Girija | K |
| **Ayah** | | | | |
| 30 | | | Saritha | K |

# ഞങ്ങളുടെ നേട്ടങ്ങൾ

1. പ്രീപ്രൈമറി കലോത്സവത്തിൽ ഓവറോൾ രണ്ടാം സ്ഥാനം

2. പഞ്ചായത്ത് തല കായിക മേളയിൽ ഓവറോൾ മൂന്നാം സ്ഥാനം

3.USS സ്കോളർഷിപ്പിന് 5 കുട്ടികൾ അർഹരായി.

4..LSS പരീക്ഷ എഴുതിയ 20 പേരിൽ 17 പേരും സ്കോളർഷിപ്പിന് അർഹരായി.

5. പ്രീ പ്രൈമറി ടാലന്റ് പരീക്ഷകളിൽ റാങ്കുകളുടെ തിളക്കത്തോട് കൂടിയ മികച്ച വിജയം

6. സബ്ജില്ലാ ക്വിസ് മത്സരങ്ങളിൽ മികവാർന്ന നേട്ടങ്ങൾ

7. സബ്ജില്ല എൽ പി വിഭാഗം ശാസ്ത്രമേളയിൽ രണ്ടാം സ്ഥാനം

8. കുറ്റിപ്പുറം ഉപജില്ല കലാമേളയിൽ ശ്രദ്ധേയമായ നേട്ടം

9. പ്രവർത്തി പരിചയമേളയിൽ സബ് ജില്ലയിൽ മൂന്നാം സ്ഥാനം

10. ഒന്നാം ക്ലാസിലെ കുട്ടികളുടെ സംയുക്ത ഡയറി വരയുംകുറിയും പ്രകാശനം ചെയ്തു.

11. ഒന്ന്,രണ്ട് ക്ലാസുകളിലെ 99% കുട്ടികളും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമായി മാറി

| | |
|---|---|
| സ്കൂളിൻറെ പേര് | : ജി.യു.പി.എസ് രണ്ടത്താണി |
| നിലവിൽ വന്നവർഷം. | : 1925 |
| ഗ്രാമപഞ്ചായത്ത് | : കൽപകഞ്ചേരി |
| ക്ലസ്റ്റർ. | : കുറ്റിപ്പുറം |
| വില്ലേജ്. | : കൽപകഞ്ചേരി |
| ബ്ലോക്ക് | : കുറ്റിപ്പുറം |
| ബി ആർ സി | : കുറ്റിപ്പുറം |
| ജില്ല | : മലപ്പുറം |
| ഉപജില്ല. | : കുറ്റിപ്പുറം |
| പ്രധാന അധ്യാപിക. | : ബിന്ദു |
| ഫോൺനമ്പർ. | :8589081947 |
| സീനിയർ അസിസ്റ്റന്റ്. | : ലൈല ടി.പി |
| എസ് ആർ ജി | : മേരിജൂലിയറ്റ്(LP) |
| | സരസ്വതി (UP) |
| ഇമെയിൽ ഐഡി. | :gupsrandathani@gmail.com |
| സ്കൂൾ കോഡ്. | : 19365 |
| താലൂക്ക്. | തിരൂർ |

ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായ എന്ന് ഉറപ്പാക്കുക

*ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയുംഅത്പരിപോഷിപ്പി ക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയുംഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുക

*ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും

*മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക .

ആവശ്യമായ

*പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

*പഠന പിന്നോക്ക അവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.

*പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക

*സമൂഹമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക

*കുട്ടികളിൽ വായനയെ പരിപോഷിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക

*ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവും ആക്കുക

*കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക

# മലയാളം

പ്രവർത്തനം–1

പേര് : സംയുക്ത ഡയറി പ്രകാശനം

ഉപമേഖല : വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സ്വന്തമായി എഴുതുന്നതിനും വായിക്കുന്നതിനും അനുഭവങ്ങൾ പങ്കു വെക്കുന്നതിനും. | ദൈനംദിന അനുഭവങ്ങൾ ആത്മാംശം ഉൾക്കൊണ്ട് സ്വതന്ത്രമായി കുട്ടികൾ എഴുതുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ രക്ഷിതാവ് | 2000 രൂപ |

പ്രവർത്തനം–2

പേര് : എൻറെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 രൂപ |

പ്രവർത്തനം–3

പേര് : മലയാള മധുരം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വതന്ത്ര വായനയ്ക്കും ഭാവാത്മക വായനയ്ക്കും കുട്ടിക്ക് അവസരം ഒരുക്കുക | 1, 2 ക്ലാസുകളിലെ കുട്ടികൾക്ക് അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പു വരുത്തുന്നതിനായി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു, | മാർച്ച് മുതൽ ജൂൺ വരെ | ക്ലാസ് ടീച്ചർ രക്ഷിതാവ് | 5000 രൂപ |

പ്രവർത്തനം–4

പേര് : അക്ഷരക്കൂട്ടം (വായനാ കോർണർ)

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക റീഡേഴ്സ് തിയേറ്റർ | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസിലും പ്രത്യേക വായനാ കോർണർ ഒരുക്കുന്നു.. ക്ലാസ്റൂം പ്രക്രിയകളിൽ ഇതിൻ്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി ക്ലാസ് ടീച്ചർ | 4000 രൂപ |

പ്രവർത്തനം-5

പേര് : ഓർക്കാം അഭിമാനിക്കാം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ, ചരമ ദിനങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം , പുസ്തക പരിചയം, ക്വിസ്, ലഘുപ്രഭാഷണം, ജീവിത രേഖ തയ്യാറാക്കൽ, പതിപ്പ് നിർമാണം, പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി സി.പി.ടി.എ | 2000 രൂപ |

പ്രവർത്തനം-6

പേര് : ലൈബ്രറി ശാക്തീകരണം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബ്ബുകൾ | 5000 രൂപ |

# വിഷയം – ഗണിതം

പ്രവർത്തനം –1

പേര് : ജ്യാമിതീയ സൗന്ദര്യം

ഉപമേഖല : നിർമാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | ഒറിഗാമി ശില്പശാല രസകരമായ ഗണിത പഠനവും നിർമാണ പ്രവർ ത്തനങ്ങളുടെ ആസൂത്രണം | ജൂൺ മുതൽ ജൂലൈ വരെ | SRG, MPTA | 500 രൂപ |

പ്രവർത്തനം –2

പേര് : ഗണിതം രസകരം

ഉപമേഖല : നിർമാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനംരസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ SRG, MPTA | 1000 രൂപ |

പ്രവർത്തനം –3

പേര് : കുസൃതിക്കണക്ക്

ഉപമേഖല : സംഖ്യാഖ്യാനം, യുക്തിചിന്ത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിവസം ഒരു ചോദ്യം, കുസൃതിക്കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ , ഗണിത ക്യാമ്പ് | ജൂൺ–ജൂലൈ ആഴ്ചയിൽ ഒന്നോ രണ്ടോ | ക്ലാസ് ടീച്ചർ SRG, ഗണിത ക്ലബ് | SSA |

പ്രവർത്തനം –4

പേര് : ഗണിതകളികൾ (ചതുഷ്ക്രിയ)

ഉപമേഖല : ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധ തരം കളികൾ കളിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ SRG | |

പ്രവർത്തനം –5

പേര് : ഗണിതപുസ്തകപരിചയം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാശീലം വളർത്തൽ | ഗണിത പുസ്തകങ്ങളുടെ വായന മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഗണിത പുസ്തകങ്ങളുടെ പ്രദർശനവും പരിചയപ്പെടുത്തലും | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ | 2500 രൂപ |

പ്രവർത്തനം –6

പേര് : ഗണിതപോഷണം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ശേഷികളിൽ പിന്നിൽ നിൽക്കുന്നവർക്കുള്ള പരിപോഷണം | ചതുഷ്ക്രിയാശേഷികൾ ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്താനുള്ള ടെസ്റ്റ് നടത്തൽ.രക്ഷിതാക്കളുമായി ബന്ധപ്പെട്ട് കുട്ടികളുടെ അവസ്ഥ ബോധ്യപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | SRG, CPTA | 2000 രൂപ |

പ്രവർത്തനം –7

പേര് : ഗണിതലാബ്

ഉപമേഖല : നിരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഗണിതപഠനം രസകരവും സുതാര്യവുമാക്കൽ, ഗണിതലാബിന്റെ ഫലപ്രദമായ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ. | HM, SRG, ക്ലാസ് ടീച്ചർ | 5000 രൂപ |

പ്രവർത്തനം –8

പേര് : ഗണിതമൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിനു | എല്ലാ ക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ടുകൾ,കാർഡുകൾ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 രൂപ |

## SUBJECT: ENGLISH

| AIM | ACTIVITIES | TIME DURATION | AUTHORITY | FINANCIAL ANALYSIS |
|---|---|---|---|---|
| 1. Listening<br>Providing opportunity to listen proper English. | <u>Lend your Ear</u><br>Listening English Recording which recorded in a simple and fun. (Action Song, Short Stories, Short Conversations, Interviews)<br><br>Providing training to follow instructions given in English.<br>Trying to interact with children in English all the time | June to March | Teacher, English Club | Nil |

| AIM | ACTIVITIES | TIME DURATION | AUTHORITY | FINANCIAL ANALYSIS |
|---|---|---|---|---|
| Reading with Emotion | Read and Grow: Reading Cards<br>Situations are created by teacher, which provides the learner with emotion through reading cards.<br>Newspaper reading – Reading Daily. | June<br>July<br>Continues | Class Teacher | Nil |

| AIM | ACTIVITIES | TIME DURATION | AUTHORITY | FINANCIAL ANALYSIS |
|---|---|---|---|---|
| To enhance the skills like speaking and writing fruitfully | Conduct Assembly twice in a week | Full Year | Class Teacher<br>HM | Nil |

| AIM | ACTIVITIES | TIME DURATION | AUTHORITY | FINANCIAL ANALYSIS |
|---|---|---|---|---|
| To enhance the ability to write English without mistakes | Write English diary including all activities | June to March | Class Teacher | Nil |

| AIM | ACTIVITIES | TIME DURATION | AUTHORITY | FINANCIAL ANALYSIS |
|---|---|---|---|---|
| To develop creative writing skill | Make a magazine including creativities of students | Thrice in a year | HM<br>Class Teacher<br>SMC | Rs.500 |

# हिंदी

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5, 6, 7 ക്ലാസ്സ് അക്ഷരബോധം ഉറപ്പിക്കൽ | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊണ്ടുള്ള പഠനം<br>ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, അക്ഷര രചന വീഡിയോ പ്രദർശനം എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകൻ | 1000രൂപ |
| 2. തെറ്റ് കൂടാതെ എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാൻ കഴിയുക | നിരന്തരം രസകരമായ കഥകൾ വായിച്ചു കേൾപ്പിക്കുന്നു. ഹിന്ദി ചിത്രകഥകൾ വായിപ്പിക്കുന്നു. ഹിന്ദി സബ് ടൈറ്റിൽ ഉള്ള കഥകളുടെ വീഡിയോ കാണിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകൻ | 1000രൂപ |
| 3. ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവ് നേടുന്നു. നിത്യജീവിതത്തിൽ ആവശ്യം വരുന്ന ഹിന്ദി വാക്കുകൾ, സംസാര രീതി എന്നിവ പരിചയപ്പെടുത്തുന്നു. | ഹിന്ദി ക്ലാസുകളിലെ ആശയവിനിമയം ഹിന്ദിയിൽ മാത്രം ആക്കും.<br>അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കാൻ ഉള്ള സന്ദർഭങ്ങൾ ഒരുക്കുന്നു.<br>അദ്ധ്യാപകൻ തെറ്റിച്ച് വായിക്കുന്ന വാക്കുകൾ കുട്ടികൾ ശരിയായി വായിക്കുന്നു.<br><br>മത്സര വായന- തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകൻ | |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | ഭൂപടം, ഗ്ലോബ്,മാപ്പ് എന്നിവ ഉപയോഗിച്ചുള്ള വർക്ക് ഷീറ്റുകൾ പൂർത്തീകരിക്കുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 2. പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | പുരാവസ്തു പ്രദർശനം, ഫീൽഡ് ട്രിപ്പ്, വെർച്വൽ ഫീൽഡ് ട്രിപ്പ്, ICT സഹായത്തോടെ പ്രദർശിപ്പിച്ച് ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 3. ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുക്കൽ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | ഇല്ല |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക | സൈബർ സുരക്ഷയെ കുറിച്ചുള്ള ബോധവൽകരണ ക്ലാസ് | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 5. കുട്ടികൾക്ക് എതിരെ ഉള്ള അതിക്രമം, ലൈംഗിക പീഡനം എന്നിവക്ക എതിരായി കുട്ടികളെ ബോധവാന്മാരാക്കുക . | കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും എന്നാ വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സ്, | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 6. സ്വാതന്ത്ര്യ സമര ചരിത്രത്തെ കുറിച്ച് അവബോധം ഉണ്ടാക്കുക | ചരിത്ര ക്വിസുകൾ, പതിപ്പ് നിർമാണം, ലൈബ്രറി ശാക്തീകരണം | നംവംബർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | ഇല്ല |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിരീക്ഷണം – അറിവ് നിർമാണം | ❖ സസ്യനിരീക്ഷണം<br>❖ പ്രകൃതിനടത്തം<br>❖ വിത്തുമുളപ്പിക്കൽ<br>❖ വ്യത്യസ്ത തരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>❖ പരിസ്ഥിതി ദിനാചരണം<br>❖ ഹരിത കാർഡ് നിർമാണം<br>❖ ആശയപടം തയ്യാറാക്കൽ വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം–ചിത്ര ശേഖരണം<br>❖ മണ്ണ് നിരീക്ഷണം | ജൂൺ<br>ജൂലൈ | SRG | |
| ശാസ്ത്രപഠനം രസകരമാക്കൽ | റോൾ പ്ലേ –റോഡ് നിയമങ്ങൾ<br>ഫസ്റ്റ് എയ്ഡ് –മൈം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതി വിഭവ സംരക്ഷണം | ❖ മഴമാപിനി നിർമാണം<br>❖ ജലസംരക്ഷണ പോസ്റ്റർ നിർമാണം മണ്ണ് നിരീക്ഷണം<br>❖ മൺ രൂപങ്ങൾ നിർമിക്കൽ<br>❖ മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>❖ ആശയപടം തയ്യാറാക്കൽ | ആഗസ്റ്റ് | SRG | |
| കേരളം –ഇന്ത്യ ഭൂപടവായന | ❖ പരീക്ഷണ–നിരീക്ഷണ പ്രവർത്തനങ്ങൾ<br>❖ ദേശീയ പതാക വരക്കൽ<br>❖ ദേശീയ ചിഹ്നങ്ങൾ പരിചയപ്പെടൽ<br>❖ ഭൂപട വായന<br>❖ എൻറെ കേരളം– ചിത്രരചന, കുറിപ്പ്<br>❖ ചോദ്യോത്തരപ്പയറ്റ് | ഡിസംബർ | SRG | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ❖ ജീവികളുടെ കൂടുകൾ–ചിത്ര ശേഖരണം<br>❖ വ്യത്യസ്ത തരം വീടുകൾ – ആൽബം<br>❖ വിവിധ തരം ജോലികൾ – സർവേ | ജനുവരി ഫെബ്രുവരി | SRG | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആവാസ വ്യവസ്ഥയിലെ ഓരോ ജീവിയുടെയും പ്രാധാന്യം തിരിച്ചറിയുന്നു.<br>ജീവീയ –അജീവീയ ഘടകങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം മനസ്സിലാക്കുന്നതിന് | ❖ സ്കൂളിന്റെ സമീപ പ്രദേശങ്ങളിലുള്ള കുളം,തോട്, പാടം, ചോല എന്നിവിടങ്ങളിലേക്ക് ഒരു ഫീൽഡ് ട്രിപ്പ്<br>❖ ജൈവ വൈവിധ്യ പാർക്ക് നവീകരണം<br>❖ തവനൂർ കാർഷിക ഗവേഷണ കേന്ദ്രം സന്ദർശിക്കൽ | ജൂൺ<br>ജൂൺ 5–10<br>ജൂലൈ ആദ്യവാരം | SRG | |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ , നല്ല വായനക്കാരാക്കൽ | തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തകങ്ങൾ<br>▪ ചിത്രകഥ<br>▪ കഥാപുസ്തകം<br>▪ കുട്ടിക്കവിതകൾ<br>▪ അറബിക് ക്വിസ് | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>പി ടി എ | 2000 രൂപ |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളുടെ പോസ്റ്റർ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>പി ടി എ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിന്റെ ലോകം | ക്ലാസ് മാസിക നിർമാണം<br>ചുമർ പത്രിക നിർമാണം<br>വായന കാർഡ് നിർമാണം | ആഗസ്റ്റ് മുതൽ ജനവരി വരെ. | ക്ലാസ്സ് ടീച്ചർ | 500 രൂപ |
| | | | | |

## കായികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാകായിക മത്സരങ്ങളിൽ മികവ് | 1. കലാപരവും കായികപരവുമായ പരിശീലനം നൽകൽ.<br>2. മത്സരങ്ങളിൽ മികവ് പുലർത്താൻ പ്രാപ്തരാക്കി മാറ്റൽ<br>3. ഭയരഹിതമായി സദസ്സിനെ അഭിമുഖീകരിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ രക്ഷിതാക്കൾ | 1000 രൂപ |

## പ്രവൃത്തി പരിചയം

പ്രവർത്തനം –1

പേര് :പ്രവൃത്തി പരിചയ ശില്പശാല

ഉപമേഖല : നിർമാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തിപരിചയ ഇനങ്ങളിൽ എല്ലാ കുട്ടികൾക്കും പരിശീലനം ലഭ്യമാക്കൽ (ചന്ദനത്തിരി, ചോക്ക്,പാവ തുടങ്ങിയവ) | സെപ്റ്റംബർ | ക്ലാസ്സ്ടീച്ചർ | 2000 രൂപ |

| പ്രവർത്തനം –2<br>പേര് :പേപ്പർ ബാഗ് നിർമാണം<br>ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| നിർമാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമിക്കാൻ ഉള്ള പരിശീലനം എല്ലാ കുട്ടികൾക്കും നൽകുക | ജൂൺ മുതൽ മാർച്ച് വരെ | SSG | |

## തനതു പ്രവർത്തനം –കൈത്താങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ പിന്നാക്കം നിൽക്കുന്ന എല്ലാ കുട്ടികൾക്കും ഭാഷ, ഗണിതം എന്നിവയിൽ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിന് | കുട്ടിക്ക് പിന്തുണ ആവശ്യമുള്ള വിഷയത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകരുടെ നേതൃത്വത്തിൽ ശനിയാഴ്ചകളിലും അവധി ദിവസങ്ങളിലും പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് എടുക്കുന്നു | | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ | 5000 രൂപ |

# തനതു പ്രവർത്തനം –ഡിജിറ്റൽ മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ മികവാർന്ന ക്ലാസ് റൂം പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിന് | അധ്യാപകരുടെ നേതൃത്വത്തിൽമികച്ച പ്രവത്തനങ്ങൾ ഉൾപ്പെടുത്തി 3 മാസം കൂടുമ്പോൾ ഡിജിറ്റൽ മാഗസിൻ പ്രകാശനം ചെയ്യുന്നു. | | അധ്യാപകർ | 3000 രൂപ |